ആലപ്പുഴ ജില്ലാ ആശുപത്രിയുടെ തൊട്ടടുത്ത കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ ശിശുരോഗ വിഭാഗം യൂണിറ്റിൽ ഒരു സീനിയർ സ്പെഷ്യലിസ്റ്റിന്റേയും ഒരു ജൂനിയർ സ്പെഷ്യലിസ്റ്റിന്റേയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ രണ്ട് ആശുപത്രികളിലും ശിശുരോഗ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. 28-5-2002-ലെ ഉത്തരവിൽ ശിശുരോഗ യൂണിറ്റ് അനുവദിച്ചിട്ടില്ലെങ്കിലും ആലപ്പുഴ ജില്ലാ ആശുപത്രിയിൽ 100-ൽ കൂടുതൽ കിടക്കകളുള്ളതിനാലും, നിലവിൽ മേൽപ്പടി ശിശുരോഗ വിഭാഗം പ്രവർത്തിച്ചു വരുന്നതിനാലും നിലവിലുള്ള സംവിധാനം നിറുത്താൻ ഉദ്ദേശിക്കുന്നില്ല. ഏതെങ്കിലും കാരണവശാൽ അത് അവിടെ നിന്നും മാറ്റിയിട്ടുണ്ടെങ്കിൽ പുനഃസ്ഥാപിക്കുന്നതാണ്.

(6) സുപ്രീംകോടതി തീരുമാനം വരുന്നതുവരെ നാടാർ എസ്.ഐ.യു.സി. വിഭാഗം ജീവനക്കാരെ പിരിച്ചുവിടരുതെന്ന ആവശ്യം

ശ്രീ. എൻ. ശക്തൻ: സർ നാടാർ എസ്.ഐ.യു.സി. വിഭാഗത്തിന് ദീർഘകാലമായി ലഭിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗ സംവരണം ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച ഒരു കേസ് സുപ്രീം കോടതിയുടെ പരിഗണനയിലുണ്ട്. അതിന്റെ തീരുമാനം വരുന്നതിനുമുമ്പുതന്നെ കഴിഞ്ഞ മൂന്നുനാലു വർഷമായി ജോലിയിൽ പ്രവേശിച്ച ഈ വിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകളേയും പിരിച്ചുവിടുന്നതിന് നോട്ടീസ് നൽകിയിരിക്കുന്നു. ദീർഘകാലമായ കാത്തിരിപ്പിനുശേഷമാണ് ഒരു സർക്കാർ ജോലി ലഭിക്കുന്നത്. പി.എസ്.സി.-യുടെ ടെസ്റ്റെഴുതി ഇന്റർവ്യൂ കഴിഞ്ഞ് റാങ്കുലിസ്റ്റിൽ വന്ന് വീണ്ടും കാത്തിരുന്നതിനുശേഷമാണ് ഒരു ജോലി കിട്ടുന്നത്. ജോലിയിൽ പ്രവേശിച്ചിട്ട് മൂന്നും നാലും വർഷമായവരെ ജോലിയിൽനിന്നും പിരിച്ചുവിട്ടാൽ അവർക്ക് വേറെ ജോലിക്ക് അപേക്ഷിക്കുന്നതിനുപോലും കഴിയില്ല. അവർക്ക് ഏജ് ഓവറായിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഇന്ന് ജോലിയിലിരിക്കുന്ന നാടാർ എസ്.ഐ.യു.സി. വിഭാഗത്തിനെ പിരിച്ചുവിടുന്നത് മാറ്റിവച്ചുകൊണ്ട് അവരെ ജോലിയിൽ തുടരാൻ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): സർ, പിരിച്ചുവിടൽ ഭീഷണി നേരിടുന്നവരുടെ കാര്യത്തിൽ അവർക്ക് സംരക്ഷണം നൽകാൻ സാദ്ധ്യമായ എല്ലാ നടപടികളും ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

V. റിപ്പോർട്ട് സമർപ്പണം

ഔദ്യോഗിക ഭാഷ സംബന്ധിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly